## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6313** **10-11-2021 - ൽ മറുപടിയ്ക്ക്**

## പെരുമ്പാവൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പെരുമ്പാവൂർ മണ്ഡലത്തിലെ മണിപ്പാറ വെള്ളച്ചാട്ടം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | പെരുമ്പാവൂർ മണ്ഡലത്തിലെ കല്ലിൽ ഗുഹാക്ഷേത്രത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ കീഴിൽ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നേരിട്ട് സ്ഥല സന്ദർശനം നടത്തി ടി ക്ഷേത്രത്തിന്റെ പ്രാധാന്യവും വിനോദസഞ്ചാര സാധ്യതയും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലവുമായി ബന്ധപ്പെട്ട രേഖകൾ ലഭിക്കുന്നതാനായി അമ്പല ഭരണസമിതിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ബഹു. എം.എൽ.എ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെൻറിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി കല്ലിൽ ഗുഹാ ക്ഷേത്രത്തിൽ അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്റ്റ് പ്രതിനിധികളുമൊത്ത് സ്ഥല സന്ദർശനം നടത്തി പ്രാഥമിക കോൺസെപ്റ്റ് നോട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പെരുമ്പാവൂർ മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (സി) | ബഹു. എം.എൽ.എ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന ഏഴു ആരാധനാലയങ്ങളെ കോർത്തിണക്കി വിനോദസഞ്ചാരവകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്റ്റ് മുഖേന പ്രാഥമിക കോൺസെപ്റ്റ് നോട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 1. സൗത്ത് വല്ലം ജുമാ മസ്ജിദ്, വല്ലം 2. സെൻറ് തെരേസാസ് ഫോറയ്ൻ ചർച്ച് വല്ലം 3. കൃഷ്ണ ടെമ്പിൾ, ചേലാമറ്റം 4. സെൻറ് |

| | | | |
|---|---|---|---|
| | | | മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ, കുറുപ്പംപടി 5. കല്ലിൽ ഭഗവതി ക്ഷേത്രം, കല്ലിൽ 6. ഇരിങ്ങോൾ കാവ് 7. കീഴില്ലം മഹാദേവ ക്ഷേത്രം |
| (ഡി) | പെരുമ്പാവൂർ മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ കോടനാട് ആന പരിശീലന കേന്ദ്രം, അഭയാരണ്യം-കപ്രിക്കാട്, ഇരിങ്ങോൾക്കാവ്, ഒക്കൽത്തുരുത്ത് തുടങ്ങിയവയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | ടി കേന്ദ്രങ്ങളിൽ നിലവിൽ പദ്ധതികൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ